ERNAKULAM TREASURY CONVERSION WORKS

242. Mr. V. K. Bhaskara Menon *(Cranganur):* Will Government be pleased to state the amount of expenditure incurred in connection with the conversion works at the Ernakulam Treasury buildings.

Mr. V. K. Aravindaksha Menon *(Chief Engineer):* Rs. 7,027.

KANDAKKADAVU POLICE OUTPOST—SHIFTING OF AND REVIVAL OF CHELLANAM OUTPOST

243. മിസ്റ്റർ ബി. എം. പീറർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഗവൺമെണ്ട് സദയം മറുപടി പറയുമൊ.—

(എ) കണ്ടക്കടവ് പോലീസ് സ്റ്റേഷൻ കമ്മീഷണരവർകൾ ഇക്കൊല്ലം സന്ദർശിച്ചിട്ടുണ്ടൊ;

(ബി) സ്റ്റേഷന്റെ സ്ഥലസൌകര്യക്കുറവിനെപ്പറ്റി കമ്മീഷണർക്ക് അറിയാമൊ;

(സി) ഇപ്പോഴത്തെ കെട്ടിടത്തിനു് എന്തുവാടക ഗവൺമെണ്ടിൽ നിന്നു കൊടുക്കുന്നുണ്ട്;

(ഡി) സൌകര്യപ്രദമായ പഴയ സ്റ്റേഷൻ കെട്ടിടം ഒഴിവായി കിടക്കുന്നതു് ഗവൺമെണ്ടിനറിയാമൊ;

(ഇ) കൊച്ചിയുടെ തെക്കെ അതൃത്തിയിൽ ചെല്ലാനത്തു് ഒരു പോലീസ് ഔട്ടപോസ്റ്റ് ഉണ്ടായിരുന്നതായി ഗവൺമെണ്ടു് ഓർക്കുന്നുണ്ടൊ;

(എഫ്) ആ ഔട്ടപോസ്റ്റ് നിറുത്തിയതുതൽ അതുത്തി പ്രദേശങ്ങളിൽ കൂടുതൽ ശല്യങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നതായി ഗവൺമെണ്ടു് മനസ്സിലാക്കുന്നുണ്ടൊ;

(ജി) പഴയ രീതിയിൽ ചെല്ലാനത്തു് ഒരു ഔട്ടപോസ്റ്റ് സ്ഥാപിക്കുകയും ഇപ്പോഴത്തെ കണ്ടക്കടവു സ്റ്റേഷൻ പഴയ സ്ഥാനത്തേക്കുതന്നെ മാറ്റുകയും ചെയ്യാൻ ഗവൺമെണ്ടിനു് മനസ്സുണ്ടാകുമൊ?

റാവു ബഹദൂർ എം. നാരായണ മേനോൻ:

(എ) ഉവ്വ്.

(ബി) ഇല്ല.

(സി) മാസത്തിൽ നൂ. വിതം.

(ഡി) പഴയ സ്റ്റേഷൻ കെട്ടിടം ഒഴിവായി കിടക്കുന്നതു് അറിയാം.

(ഇ) ഉവ്വ്.

(എഫ്) കൂടുതൽ ശല്യങ്ങൾ ഉള്ളതായി അറിയുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ജി) ഇപ്പോൾ ഉള്ള കണ്ടക്കടവ് ഔട്ടപോസ്റ്റ് മാറ്റി ചെല്ലാനത്തു അണ്ടിക്കടവിലും രണ്ടു ഔട്ടപോസ്റ്റുകൾ സ്ഥാപിക്കുന്നതിനു് യാതൊരു കാരണവും കാണുന്നില്ല.

മിസ്റ്റർ ബി. എം പീറർ: ചെല്ലാനത്തു സ്റ്റേറിന്റെ ബൌണ്ടറിയിൽ മത്സ്യംപിടിക്കുന്നതിനു ലേലം വിളിച്ചു കൊടുത്തിട്ടുള്ള ലേലക്കാരെ തിരുവിതാംകൂർ ഗവണ്മെണ്ടു തടയുന്നതായി ഗവണ്മെണ്ടിനറിയാമോ ?

റാവു ബഹദൂർ എം. നാരായണമേനോൻ: അറിവില്ല.

മിസ്റ്റർ ബി. എം. പീറർ: അതിനെപ്പറ്റി വലിയ വഴക്കുകൾ നടന്നിട്ടുള്ളതായും യാതൊരു അറിവുമില്ലേ ?

റാവു ബഹദൂർ എം. നാരായണമേനോൻ: കഴിഞ്ഞ രണ്ടു കൊല്ലത്തിനകത്തു യാതൊരു അറിവുമില്ല.

മിസ്റ്റർ ബി. എം. പീറർ: ഈ കൊല്ലത്തിൽ ഉണ്ടായതായി അറിയാമോ ?

റാവു ബഹദൂർ എം. നാരായണമേനോൻ: ഇല്ല.

മിസ്റ്റർ ബി. എം. പീറർ: അവിടെ ഔട്ടപോസ്റ്റ്വെച്ചാൽ എത്ര കാൺസ്റ്റബിൾമാരെ പുതുതായി കൊടുക്കേണ്ടിവരും ?

റാവു ബഹദൂർ എം. നാരായണമേനോൻ: അതു് ഔട്ടപോസ്റ്റ് തുറക്കുന്ന അവസരത്തിലുള്ള സൌകര്യംപോലെയിരിക്കും. എത്ര ആളുകൾ വേണ്ടിവരുമെന്നു് ഇപ്പോൾ തീച്ചപറയുവാൻ നിവൃത്തിയില്ല.

മിസ്റ്റർ ബി. എം. പീറർ: ആദ്യകാലത്തുള്ള ഔട്ടപോസ്റ്റിൽ എത്ര പോലീസുകാർ ഉണ്ടായിരുന്നു ?

റാവു ബഹദൂർ എം. നാരായണമേനോൻ: മൂന്നോ നാലോ ഉണ്ടായിരുന്നു.

മിസ്റ്റർ ബി. എം. പീറർ: എന്റെ അറിവു ശരിയാണെങ്കിൽ മൂന്നു പോലീസുകാർ അവിടെയുണ്ടായിരുന്നുവെന്നാണു തോന്നുന്നതു്. അണ്ടിക്കടവു സ്റ്റേഷനിൽ ഒരു ഹെഡ്കാൺസ്റ്റബിളും നാലു പോലീസുകാരും ഇപ്പോൾ ഉണ്ടു്. അവരിൽനിന്നു രണ്ടുപേരെ ഇവിടെ നിയമിക്കുവാൻ വിരോധമുണ്ടോ ?

റാവു ബഹദൂർ എം. നാരായണമേനോൻ: ഒരു സ്റ്റേഷൻ നടത്തുവാൻതന്നെ രണ്ടുപേർ ആവശ്യമുണ്ടു്.

മിസ്റ്റർ കെ. ആർ. വിശ്വംഭരൻ: കൊച്ചീരാജ്യത്തിന്റെ അതൃത്തിസംസ്ഥാനങ്ങളിൽ അധികം പോലീസുകാരെ നിയമിക്കുകയെന്നുള്ള പോളിസി പോലീസ് ഡിപ്പാർട്ടുമെണ്ടു് സ്വീകരിച്ചിട്ടുണ്ടോ ?

റാവു ബഹദൂർ എം. നാരായണമേനോൻ: ഇല്ല.

മിസ്റ്റർ കെ. ആർ. വിശ്വംഭരൻ: പ്രത്യേകിച്ചു തിരുവിതാംകൂർ അതൃത്തിയിൽ ?

റാവു ബഹദൂർ എം. നാരായണമേനോൻ: ഇല്ല, ഇതേവരെ അവിടെ യാതൊരു അക്രമങ്ങളും നടന്നിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly